<u>ശ്രദ്ധ ക്ഷണിക്കൽ</u>

## 1. മണ്ണെണ്ണ ദൗർലഭ്യം

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, കേരളത്തിലെ പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ന്യായവിലയ്ക്ക് മണ്ണെണ്ണ ലഭിക്കുന്നില്ല എന്നുള്ളതാണ്. വള്ളങ്ങളിൽ എഞ്ചിൻ ഘടിപ്പിച്ച് മത്സ്യബന്ധനം തുടങ്ങിയ കാലം മുതൽ ഇന്നുവരെ ഇവർക്കാവശ്യമുള്ള മണ്ണെണ്ണയുടെ 20%-ൽ കൂടുതൽ റേഷൻ വിലയ്ക്ക് ലഭ്യമാക്കാൻ നമുക്ക് കഴിയുന്നില്ല. പണ്ട് തണ്ട് വലിച്ച് കടലിൽ പോയിരുന്ന കാലഘട്ടമായിരുന്നു. പക്ഷേ യന്ത്രവൽക്കരണം വന്നതിനുശേഷം ഇപ്പോൾ 40 ഹോഴ്സ് പവറുള്ള എഞ്ചിനുകൾ ഘടിപ്പിച്ചാണ് വള്ളങ്ങളിൽ മത്സ്യബന്ധനം നടത്തുന്നത്. ഒരു ദിവസം ചുരുങ്ങിയത് 40 എച്ച്.പി. എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിന് 80 മുതൽ 100 ലിറ്റർ വരെ മണ്ണെണ്ണ വേണ്ടി വരും. ഇപ്പോൾ 2 എഞ്ചിൻവച്ച് പോകുന്ന ഔട്ട്ബോർഡ് വള്ളങ്ങളുമുണ്ട്. സ്വാഭാവികമായും ഒരു മാസത്തിൽ 900 –1200 ലിറ്റർ മണ്ണെണ്ണ വരെ വേണ്ടിവരും. സർക്കാർ പൊതുവിതരണ ശൃംഖ ലയിലൂടെ മത്സ്യഫെഡ് വഴി ഒരു മാസം ശരാശരി 135–175 ലിറ്റർ മണ്ണെണ്ണ യാണ് കൊടുക്കുന്നത്. ആവശ്യമുള്ളതിന്റെ 15% മാത്രമേ ഇത് വരുന്നുള്ളൂ. ഇതിന് 20 രൂപയാണ് വില ഈടാക്കുന്നത്. ബാക്കിയുള്ളത് പൊതുമാർക്ക റ്റിൽനിന്നും വാങ്ങേണ്ടി വരുന്നു. പൊതുമാർക്കറ്റിൽ അല്ലെങ്കിൽ കരിഞ്ചന്ത യിൽ മണ്ണെണ്ണയുടെ വില 60 രൂപ മുതൽ സീസൺ സമയത്ത് 100 രൂപ വരെ കൊടുക്കേണ്ടി വരുന്നു. ഏകദേശം രജിസ്റ്റർ ചെയ്ത 22000 ഔട്ട്ബോർഡ് വള്ളങ്ങൾ കേരളത്തിലുണ്ട് എന്നാണ് കണക്ക്. എന്നാൽ അതിൽ 25%

യാഥാർത്ഥ്യമുള്ളതല്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു ദിവസം 5 മണിക്കൂർ മത്സ്യബന്ധനത്തിന് വേണ്ടിവരുന്നത് ഏകദേശം 80 ലിറ്റർ മണ്ണെണ്ണയാണ്. ആ തോതിലെടുത്താൽ ഇവരുടെ ഒരു ദിവസത്തെ ചെലവ് 5,000 ത്തിലധികം രൂപ വരികയാണ്. പലപ്പോഴും മത്സ്യബന്ധനം കഴിഞ്ഞ് വെറും കയ്യോടെ മടങ്ങേണ്ടിവരുമ്പോൾ 6,000 രൂപയോളം ഒരു ദിവസം സാധാരണക്കാരായ തൊഴിലാളിക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഔട്ട്ബോർഡ് എഞ്ചിന് ഒരു മാസം ചുരുങ്ങിയത് 600 മുതൽ 750 ലിറ്റർ വരെ മണ്ണെണ്ണ നിയന്ത്രിതവിലയ്ക്ക് കൊടുക്കാൻ കഴിയണമെന്നാണ് എന്റെ ആവശ്യം. ഇത്തവണത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന 100 കോടി രൂപ നിയന്ത്രിത വിലയ്ക്ക് മണ്ണെണ്ണ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ വള്ളവും എഞ്ചിനുമൊക്കെ കാണിച്ച് 15 വർഷക്കാലമാണ് എഞ്ചിന്റെ കാലാവധി........, പലപ്പോഴും പെർമിറ്റ് വാങ്ങിയവർ ദുരുപയോഗം ചെയ്യുന്നതായുള്ള പരാതികളുണ്ട്. അതിനെക്കുറിച്ച് ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി കണ്ടെത്താൻ കഴിഞ്ഞാൽ അത്രയുംകൂടി മണ്ണെണ്ണ യഥാർത്ഥ തൊഴിലാളികൾക്ക് കൊടുക്കാൻ കഴിയും. എണ്ണക്കമ്പനികളുമായി ധാരണയുണ്ടാക്കി പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിലും ലാന്റിംഗ് സെന്ററുകളിലും മണ്ണെണ്ണ കൊടുക്കാനുള്ള ബങ്കുകൾ സ്ഥാപിച്ച് അതിന്റെ ലഭ്യത ഉറപ്പാക്കി, ഈ മണ്ണെണ്ണ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത തൊഴിലാളികളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഫിഷറീസ് മേഖലയിലുള്ള ഗൗരവമുള്ള ഒരു പ്രശ്നമാണ്. മത്സ്യബന്ധനത്തിന് ആവശ്യമുള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. അതേസമയം, യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് മത്സ്യബന്ധനം തുടങ്ങിയ കാലം മുതൽ കേരളത്തിൽ കൊടുത്തുകൊണ്ടിരിക്കുന്ന മണ്ണെണ്ണയുടെ ക്വാണ്ടിറ്റിയിൽ കുറവ് വരുത്തിയിട്ടില്ല. വിളക്ക് കത്തിക്കുന്നതിനും പാചക ആവശ്യത്തിനും വേണ്ടി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന പി.ഡി.എസ്. മണ്ണെണ്ണയിൽനിന്ന് 2532 കിലോലിറ്റർ മണ്ണെണ്ണ സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുവേണ്ടി പി.ഡി.എസ്. റേറ്റിൽത്തന്നെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും അതിൽ ഒരു കുറവും വരുത്തിയിട്ടില്ല. ഒരു ഗവൺമെന്റും ഈ ക്വാണ്ടിറ്റി വർദ്ധിപ്പിച്ചിട്ടുമില്ല, ഇപ്പോഴും അത് തുടരുന്നുമുണ്ട്. എന്നാൽ ആവശ്യത്തിനുള്ള മണ്ണെണ്ണ കൊടുക്കാൻ സംസ്ഥാന സർക്കാരിന് ഇതുവരെ സാധിച്ചിട്ടുമില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപജീവനത്തിനായി ഏറെ കഷ്ടപ്പാടുകൾ അനുഭവിച്ചുവരികയും മണ്ണെണ്ണയുടെ ദൗർലഭ്യവും വിലവർദ്ധനവും അവരുടെ സാമ്പത്തിക നിലയെ തകർക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു ബൃഹത് പദ്ധതി നടപ്പാക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മത്സ്യഫെഡ് വഴി സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം

ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 100 കോടി രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. ആ 100 കോടി രൂപ ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യഫെഡ് നേരിട്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്ന കാര്യമാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തൊട്ടാകെ മത്സ്യബന്ധനത്തിന് അനുയോജ്യവും പ്രവർത്തനക്ഷമവുമായ 22000 ഔട്ട്ബോർഡ് എഞ്ചിനുകളുടെ ഉടമകൾക്ക് വിതരണം ചെയ്യാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 10 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 137 ലിറ്റർ, 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 144 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 188 ലിറ്റർ എന്ന രീതിയിൽ സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രതിമാസം ലിറ്ററൊന്നിന് 25 രൂപ സബ്സിഡി നൽകിക്കൊണ്ട് വിതരണം ചെയ്യുന്ന തരത്തിലാണ് ഈ പദ്ധതി രൂപപ്പെടുത്തുന്നത്. ഇതുവഴി പരമ്പരാഗത മത്സ്യമേഖലയ്ക്ക് ആവശ്യമായ മണ്ണെണ്ണയുടെ നാലിലൊരു ഭാഗം മത്സ്യഫെഡ്വഴി വിതരണം ചെയ്യുന്നതിന് സാധിക്കും. സീസൺ സമയത്ത് കൂടിയ വിലയ്ക്ക് പൊതുവിപണിയിൽനിന്നും മണ്ണെണ്ണ വാങ്ങേണ്ടുന്ന നിലവിലുള്ള അവസ്ഥ ഒഴിവാക്കുന്നതിന് സഹായമാകുകയും ചെയ്യും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ പ്രധാന ഓയിൽ കമ്പനികളുടെ സഹായത്താൽ സംസ്ഥാനത്ത് 12 ബങ്കുകൾ സ്ഥാപിച്ച് മത്സ്യഫെഡ്വഴി നേരിട്ട് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ സബ്സിഡി നിരക്കിലുള്ള മണ്ണെണ്ണയ്ക്കു പുറമെ ഓപ്പൺ മാർക്കറ്റ് നിരക്കിലും തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ഈ ബങ്കുകളിലൂടെ വിത

രണം ചെയ്യാൻ സാധിക്കുന്നതുവഴി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും തൊഴിലാളികളെ പൂർണ്ണമായും സംരക്ഷിക്കുവാനും സാധിക്കുമെന്നതാണ് നിർദ്ദിഷ്ട പദ്ധതിയുടെ സവിശേഷത. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ 3 ഓയിൽ കമ്പനികളുമായി ഇതിനകംതന്നെ ചർച്ച നടത്തിയിട്ടുണ്ട്. മൂന്ന് ഓയിൽ കമ്പനികളും ബങ്കുകൾ സ്ഥാപിക്കുന്നതിന് സഹകരിക്കാം എന്ന് ഉറപ്പ്നൽകിയിട്ടുണ്ട്. ഈ പദ്ധതി ഉടനെ തന്നെ പ്രാബല്യത്തിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം, ഈ മേഖലയിൽ കുറേ വള്ളങ്ങളെങ്കിലും കാലാവധി കഴിഞ്ഞതും ഇല്ലാത്തതുമായ വള്ളങ്ങളുടെ പേരിലാണ് മണ്ണെണ്ണ പെർമിറ്റ് വാങ്ങിയെടുക്കുന്നതെന്നുമുള്ള സൂചന നൽകുകയുണ്ടായി. ഈ വിഷയം മത്സ്യത്തൊഴിലാളി മേഖലയിലെ എല്ലാ സംഘടനകളുമായും ചർച്ച ചെയ്തു. അവരും ഇക്കാര്യത്തിൽ വളരെ പോസിറ്റീവ് ആയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ മണ്ണെണ്ണ പെർമിറ്റ് കൊടുക്കുന്നതിന് എഞ്ചിനുകൾക്ക് കാലപരിധി നിശ്ചയിച്ചിരുന്നില്ല. ഇപ്പോൾ അത് 15 വർഷമായി നിജപ്പെടുത്തിയിരിക്കുകയാണ്. അതുപോലെ നേരത്തെയുള്ള സംയുക്തപരിശോധന നടത്താൻ തീരുമാനിച്ചിരുന്നു. പക്ഷേ തെരഞ്ഞെടുപ്പായതുകൊണ്ട് മാറ്റിവയ്ക്കേണ്ടി വന്നു. ഏതായാലും ഒക്ടോബർ മാസത്തിൽ സംയുക്ത പരിശോധന നടത്തുന്നതാണ്. ആ പരിശോധനയിലൂടെ ഈ മേഖലയിൽ തട്ടിപ്പ് നടത്തുന്നതായി പറയപ്പെടുന്ന ആളുകളെ ഒഴിവാക്കാനും യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് ലഭ്യമാക്കാനും സാധിക്കും. ഏത് ഗവൺമെന്റായാലും മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിനുള്ള മണ്ണെണ്ണ മുഴുവൻ വിതരണം ചെയ്യുന്നതിനുള്ള സാമ്പത്തിക ശേഷി നമുക്കി

ല്ല. എന്നിരുന്നാലും സബ്സിഡി ഇനത്തിൽ 100 കോടി രൂപയ്ക്കുള്ള മണ്ണെണ്ണ വിതരണം ചെയ്യാനുള്ള പദ്ധതി ഉടനെ നടപ്പാക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മണ്ണെണ്ണ ഉപയോഗിച്ചുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ പൊല്യൂഷൻ ഉണ്ടാക്കുന്നുവെന്ന് കേന്ദ്രത്തിൽ നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഡീസൽ ഉപയോഗിക്കുന്ന എഞ്ചിനുകളെക്കുറിച്ച് ഗവൺമെന്റിന് എന്തുകൊണ്ട് ആലോചിച്ചുകൂടാ? ഡീസൽ എഞ്ചിനുകൾക്ക് പൊല്യൂഷനും മണ്ണെണ്ണയുടെ ഉപയോഗം കുറയ്ക്കാൻ ഉപകരിക്കുകയും ചെയ്യും. അക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. ബാബു: സർ, യമഹ, സുസുകി തുടങ്ങിയവയാണ് ഈ മേഖലയിലെ പ്രധാനപ്പെട്ട എഞ്ചിൻ നിർമ്മാണ കമ്പനികൾ. എന്നാൽ ഇവരാരും ഡീസൽ എഞ്ചിനുകൾ ഉത്പാദിപ്പിക്കുന്നില്ല. എന്നാൽ അടുത്ത കാലത്ത് ആലപ്പുഴ ജില്ലയിലുള്ള മോഹൻലാൽ എന്ന യുവ എഞ്ചിനീയർ യമഹ എഞ്ചിനിൽ അഡീഷണലായി Zed Drive എന്ന ഒരു ഉപകരണം ഘടിപ്പിച്ചാൽ ഡീസലൈസ് ചെയ്യാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിന് നാഷണൽ ഇന്നൊവേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. പരീക്ഷണാടിസ്ഥാനത്തിൽ കോഴിക്കോട് പൈലറ്റ് പ്രോജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 100 എഞ്ചിനുകൾക്ക് ഡീസലൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള സഹായം നൽകാൻ ഗവൺമെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 100 അപേക്ഷകൾ ക്ഷണിച്ചുവെങ്കിലും 52 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽനിന്ന് അപേക്ഷകളൊന്നും ലഭിച്ചിട്ടി

ല്ല. ഒരു ലക്ഷം രൂപ ഗവൺമെന്റ് സബ്സിഡിയും 85,000 രൂപ മത്സ്യഫെഡ് വായ്പയും നൽകി പരീക്ഷണാടിസ്ഥാനത്തിൽ ഇത് കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ജൂലൈ മാസത്തിൽ അത് നൽകാൻ സാധിക്കും. ഇക്കാര്യത്തിൽ ജപ്പാനിലെ യമഹാ കമ്പനിയുമായി മത്സ്യഫെഡ് കരാറിൽ ഏർപ്പെട്ട് കഴിഞ്ഞു.

2. <u>കയർത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കയർ വ്യവസായം ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയെ നേരിടുകയാണ്. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഏതാണ്ട് എൺപത്– എൺപത്തി അയ്യായിരം ടണ്ണാണ് കയർ യാണും ഉത്പന്നങ്ങളും കയറ്റുമതി ചെയ്തുകൊണ്ടിരുന്നത്. 1980–കളുടെ മധ്യം ആയപ്പോൾ 25000 ടണ്ണായി കുറഞ്ഞു. പക്ഷേ, ആഭ്യന്തര മാർക്കറ്റ് അന്ന് കേരളത്തിൽ ലഭ്യമായിരുന്നതുകൊണ്ട് പ്രശ്നമില്ലാതെ കടന്നുപോയി. അതിനുശേഷം നമ്മുടെ കയറ്റുമതി കൂടി 60,000 ടൺ വരെയായി. എന്നാൽ, 2007–08–നുശേഷം കയറ്റുമതി 35,000 ടൺ ആയി കുറഞ്ഞിരിക്കുകയാണ്. ടഫ്ടെഡ് മാട്രസ് ഇതിൽ ഉൾപ്പെടുത്തുന്നില്ല. യാണും ഉത്പന്നങ്ങളും മാത്രമാണ്. ഇത് ഗൗരവമായിട്ടുള്ള സ്ഥിതി വിശേഷമാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്നിപ്പോൾ കഷ്ടിച്ച് രണ്ടേകാൽ ലക്ഷം തൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. പക്ഷേ, 50,000–75,000 നും ഇടയ്ക്കുള്ള തൊഴിലാളികൾക്ക് മാത്രമേ തൊഴിൽ നൽകാൻ കഴിയുന്നുള്ളൂ. തമിഴ്നാടാണ് ആഭ്യന്തര കമ്പോളം പൂർണ്ണമായും കീഴ്പ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥിതിവിശേഷത്തെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് ഗൗരവമായിട്ടുള്ള ചർച്ചകൾ നടത്തുകയും അതിലൂടെ എത്തിച്ചേർന്നിട്ടുള്ള ധാരണകൾ

സർക്കാർ അടിയന്തരമായി നടപ്പാക്കുകയും വേണം. തിരുവനന്തപുരം ജില്ല യിലെ കണക്കുകൾ നോക്കിയപ്പോൾ, മൂന്നുവർഷംമുമ്പ് 25,000 പേരാണ് ക്ഷേമനിധിയിൽ അംഗങ്ങളായി ഉണ്ടായിരുന്നത്. അതിപ്പോൾ 15,000 ആയി ചുരുങ്ങിയിരിക്കുകയാണ്. സംഘങ്ങളിൽനിന്ന് ആളുകൾ കൊഴിഞ്ഞുപോവു കയാണ്. ഈ 15000 പേരിൽ കഴിഞ്ഞ വർഷം 5000 പേർക്കാണ് കഷ്ടിച്ച് പണി കൊടുക്കാൻ സാധിച്ചത്. വരുമാന ഉറപ്പുപദ്ധതിയിൽ 2200 പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 1500 പേർക്കാണ് വരുമാന ഉറപ്പുപദ്ധതി യിൽ എന്തെങ്കിലും ആനുകൂല്യം നൽകാൻ കഴിഞ്ഞത്. ഇതാണ് ഇന്നത്തെ ഭയാനകമായ സ്ഥിതിവിശേഷമെന്ന് പറയുന്നത്. തിരുവനന്തപുരം ജില്ലയിലെ ന്നല്ല, അങ്ങയുടെ വകുപ്പ് തന്നെ സംസ്ഥാനത്തെ ഏറ്റവും നല്ല കയർ സംഘ മായി തെരഞ്ഞെടുത്ത് അവാർഡ് കൊടുത്തതാണ് പെരുങ്കുഴി സംഘം. ഞാൻ കഴിഞ്ഞ ദിവസം അവിടെ സന്ദർശിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടാ ഴ്ചയായി അവിടെ പണിയില്ല. കഴിഞ്ഞ വർഷം 300 ദിവസം 150 പേർക്ക് പണി കൊടുത്ത സംഘമാണ്. ഇപ്പോൾ രണ്ടാഴ്ചയായി പണി നിന്നിരിക്കുക യാണ്. ഇതിനുകാരണം, മുന്നൂറ് രൂപ കൂലി അങ്ങ് പ്രഖ്യാപിച്ചു, എന്നാൽ അതനുസരിച്ച് വരുമാന ഉറപ്പുപദ്ധതിയിൽ നൂറ് രൂപ മാത്രമാണുള്ളത്. ബാക്കി ചെലവ് സഹകരണ സംഘം വഹിക്കണം. കയർഫെഡിൽനിന്ന് വില വർദ്ധിപ്പിച്ച് നൽകാത്തതുകൊണ്ട് സംഘത്തിന് നഷ്ടമുണ്ടാവുകയാണ്. കഴിഞ്ഞ വർഷം മൂന്നര ലക്ഷംരൂപയുടെ നഷ്ടമുണ്ടായതായി കാണാൻ കഴി ഞ്ഞിട്ടുണ്ട്. കയർഫെഡ് സംഭരിച്ച കയറിന് വില നൽകുന്നില്ല. ആറ് ലക്ഷം രൂപ ഈ സംഘത്തിന് കുടിശ്ശികയുണ്ട്. ജില്ലാ സഹകരണ ബാങ്ക് ഓവർഡ്രാഫ്റ്റ് പുതുക്കി കൊടുത്തിട്ടില്ല. എന്താണ് ഈ സംഘം ചെയ്യേണ്ടത്?

ഇവിടെയുള്ള ഡോർമെന്റ് സംഘങ്ങളുടെ കണക്ക് ഞാൻ പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല സഹകരണ സംഘത്തിന് ഇന്നുവന്നിരിക്കുന്ന പ്രതിസന്ധി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, ഒരു ദിവസം നിയമസഭ കഴിഞ്ഞ് അങ്ങും അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരും പ്രധാനപ്പെട്ട കക്ഷിനേതാക്കന്മാരും ചേർന്ന് ഈ സംഘത്തിൽ പോയി പ്രായോഗികമായി എന്ത് ചെയ്യണമെന്നുള്ള കാര്യം പരിശോധിച്ച് നോക്കാം. തിരുവനന്തപുരം ജില്ലയിലെ കോവളം തുടങ്ങിയ പ്രദേശങ്ങളിൽനിന്ന് തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോവുകയാണ്. പാലക്കാട്, വടക്കൻ ജില്ലകളിൽനിന്നെല്ലാം തൊണ്ട് അവിടേക്ക് പോവുകയാണ്. എന്നിട്ട് ചകിരി അവിടെനിന്ന് വാങ്ങിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ തൊണ്ട് സംഭരണം പരിപൂർണ്ണമായി പരാജയമാണ്. 50 പൈസ സബ്സിഡി നൽകുമെന്ന് പറഞ്ഞതല്ലാതെ ഇതുവരെ നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണ്? നമ്മുടെ നാട്ടിൽ തൊണ്ട് സംഭരിക്കുന്നതിനുള്ള പ്രശ്നം, ഇവിടെ പച്ച തൊണ്ടും ഉണക്ക തൊണ്ടും ഒരുമിച്ചാണ് കിട്ടുന്നത്, തേങ്ങയുടെ വില കൃത്യമായി ലഭിക്കുന്നില്ല, നമുക്ക് പച്ചതൊണ്ട് മാത്രമേ ചകിരിയാക്കാൻ പറ്റൂ, തമിഴ്നാട്ടുകാർക്ക് അത് പ്രശ്നമല്ല. ഇതൊക്കെക്കൊണ്ടാണ് അവർക്ക് തൊണ്ട് ശേഖരിച്ചുകൊണ്ടുപോകുവാൻ കഴിയുന്നത്. ഇക്കാര്യത്തിൽ എന്തെങ്കിലും ഏർപ്പാടുണ്ടാക്കാൻ പറ്റുമോയെന്നുള്ളതാണ് എന്റെ ഒന്നാമത്തെ ചോദ്യം. രണ്ട്, നമുക്ക് അമ്പത് ഫൈബർ മില്ലുകൾ സഹകരണ മേഖലയിലുണ്ട്. എന്തുകൊണ്ടാണ് ഇത് നന്നാക്കി ഇവിടെനിന്ന് ഈ പറയുന്ന വിലയ്ക്ക് ചകിരി സംഭരിക്കാൻ കഴിയാത്തത്? ഇപ്പോൾ ഒരു കിലോയ്ക്ക് 19 രൂപയ്ക്കാണ് പൊള്ളാച്ചിക്കാർ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നത്. ഇതേ ചകിരി

നമുക്ക് 28–29 രൂപയ്ക്കാണ് നൽകുന്നത്. ഈ പശ്ചാത്തലത്തിൽ നമുക്ക് ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കാൻ കഴിയില്ലേ? മൂന്ന്, നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള 581 സംഘങ്ങളിൽ, 380 സംഘങ്ങൾ പ്രവർത്തിക്കുകയും 98 സംഘങ്ങൾ പ്രവർത്തനരഹിതമായി കിടക്കുകയും ചെയ്യുമ്പോൾ എന്തിനാണ് 106 പുതിയ സംഘങ്ങളുടെ ആവശ്യം. ഇവിടെ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അഞ്ച് ലക്ഷംരൂപവച്ച് കൊടുക്കുമ്പോൾ നമ്മൾ എങ്ങനെയാണ് 15–16 ലക്ഷം രൂപവച്ച് പുതിയ സംഘങ്ങൾക്ക് കൊടുക്കുന്നത്; ഇതിൽ എന്താണ് ന്യായമുള്ളത്? പണിയില്ലായെന്ന് എല്ലാവരും സമ്മതിക്കുന്നു. സംഘങ്ങൾ ഡോർമെന്റാണെന്ന് പറയുന്നു. എന്തടിസ്ഥാനത്തിലാണ് ഈ 15 ലക്ഷം രൂപവച്ച് കൊടുത്തുകൊണ്ട് പുതിയ സംഘങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഇറങ്ങുന്നത്? കയർ ഫെഡിന്റെ തെരഞ്ഞെടുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലായിട്ട് ഒന്നര വർഷം കഴിഞ്ഞു. നിയമപ്രകാരം ഒരുവർഷം കഴിയാൻ പാടില്ല. എന്തുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാത്തത്? നേരത്തെ കയർ ബോർഡ് പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കിയപ്പോൾ രജിസ്ട്രേഷൻ മുൻഗണനാക്രമത്തിൽ എല്ലാവർക്കും കൊടുക്കുമായിരുന്നു. ഇപ്പോൾ ഇഷ്ടക്കാർക്ക് മാത്രമാണ് കൊടുക്കുന്നത്. ഇക്കാര്യത്തിൽ വലിയ പരാതിയാണുള്ളത്. രണ്ടാമത്, വരുമാന ഉറപ്പുപദ്ധതി ഈ മേഖലയിൽ കൂടി നടപ്പാക്കാമെന്ന് അങ്ങ് സമ്മതിച്ചതാണ്. അത് ഇതുവരെയും നടപ്പിലായിട്ടില്ല. മൂന്ന്, ഈ തറയും പുതിയ ഷെഡും പണിയാൻ വേണ്ടി ഒരുപാട് സ്കീമുകൾ കയർ ബോർഡിൽ നിന്നും ക്ഷേമനിധിയിൽനിന്നും എടുത്തിരുന്നു. ഒന്നും പ്രവർത്തിക്കുന്നില്ല, എല്ലാം സ്തംഭനാവസ്ഥയിലാണ്. കയർ മാറ്റ് ആന്റ്

മാട്രസ് 27000 ടൺ മാത്രമേ കയറ്റുമതി ചെയ്തിട്ടുള്ളൂ. അതുകൊണ്ട് ഇതെല്ലാം പൊളിഞ്ഞുപോയി. ഇപ്പോൾ ഈ വീടുകളൊക്കെ ജപ്തി നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ സ്ഥിതിവിശേഷം മനസ്സിലാക്കിക്കൊണ്ട് ജപ്തി നടപടികൾ നിർത്തിവയ്പ്പിക്കാം, ഒ.ടി.എസ്. കൊടുക്കാം, അത്തരത്തിൽ അടിയന്തരമായ ഇടപെടൽ വേണമെന്ന് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഡോ. ടി. എം. തോമസ് ഐസക് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഈ സഭയിൽ അവതരിപ്പിച്ചത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമെന്ന നിലയിൽ കയർ മേഖലയെ സംരക്ഷിക്കാനും കയർത്തൊഴിലാളികളുടെ ന്യായമായ കൂലി മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിൽ തെറ്റുകുറ്റങ്ങളുണ്ടാകും, ഇല്ലെന്ന് ഞാൻ പറയുന്നില്ല. കയറിന്റെയും കയറുല്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യം കുറെ നാളുകളായി തുടങ്ങിയതാണ്. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡിനാവശ്യമായ ധനസഹായം ഗവൺമെന്റ് നൽകുകയുണ്ടായി. 2013-നവംബർ മാസം മുതൽ 2014 മെയ് മാസം 23 വരെ 43710.82 ക്വിന്റൽ ചകിരി വാങ്ങി കയർഫെഡുവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള തൊണ്ട് സംഭരണ പദ്ധതി

പരിഷ്ക്കരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് കൂടുതൽ ചകിരി ഉൽപ്പാദിപ്പിക്കാനുതകുന്ന തരത്തിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നാളികേര വികസന ബോർഡുമായി സഹകരിച്ചുകൊണ്ട് കൂടുതൽ ചകിരി ഉൽപ്പാദിപ്പിക്കാനും സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. അവരുമായി ഞാൻ തന്നെ മൂന്ന് പ്രാവശ്യം ചർച്ചകൾ നടത്തിക്കഴിഞ്ഞു. എം.ഒ.യു. തയ്യാറാക്കുന്നതിനുവേണ്ടി ഒരിക്കൽക്കൂടി അവരെ വിളിച്ചിരിക്കുകയാണ്. കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധന ഗ്രാന്റായി 446 സംഘങ്ങൾക്ക് 20.5 കോടി രൂപയും, അടിസ്ഥാന സൗകര്യ വികസനത്തിനായി 270 സംഘങ്ങൾക്ക് 14.57 കോടി രൂപയും, കയർഫെഡിന്റെ പ്രവർത്തന മൂലധന ഗ്രാന്റായി 10 കോടി രൂപയും കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം 23.02 കോടി രൂപയും ഈ സർക്കാർ നൽകിയിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലിയെക്കുറിച്ച് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. 150 രൂപ കൂലിയുണ്ടായിരുന്നത് ഇപ്പോൾ 300 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂലി 300 രൂപയായി ഉയർത്തിയപ്പോൾ കയറിന്റെ വില പുന:പരിശോധിക്കണമെന്നും വില ഉയർത്തിക്കൊടുക്കണമെന്നുമുള്ള നിർദ്ദേശം കയർഫെഡ് നൽകിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് കയർഫെഡ് വില ഉയർത്തിയിട്ടില്ല എന്നാണ്. വില വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുള്ളത്, തീർച്ചയായും ഞാനത് പരിശോധിക്കുന്നതാണ്. എന്തെങ്കിലും അപാകതകൾ വന്നിട്ടുണ്ടെങ്കിൽ കയർഫെഡുമായി ഇന്നുതന്നെ ബന്ധപ്പെട്ട് അതിനാവശ്യമായ നിർദ്ദേശം കൊടുക്കുന്നതാണ്. അതുപോലെ

കയർപിരി, ഡി–ഫൈബറിംഗ് മേഖലയിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം സർക്കാർ വിഹിതം കൂലിയായി തൊഴിലാളികൾക്ക് 110 –120 രൂപ ബാങ്കുവഴി നേരിട്ട് നൽകുകയാണ്. അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്. നാല് ലക്ഷത്തോളം തൊഴിലാളികൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ടെന്ന് പറയപ്പെടുമ്പോഴും യഥാർത്ഥത്തിൽ ഇൻകം സപ്പോർട്ട് സ്കീമിന് അർഹത പ്പെട്ടവരുടെ എണ്ണം വളരെ കുറവാണ്. ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുന്നതിനാവശ്യമായ പണമുണ്ട്. പക്ഷേ, പ്രൈവറ്റ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ശരിയായ രീതിയിൽ ലഭ്യമാകുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് പ്രൈവറ്റ് മേഖലകളിലുള്ള തൊഴിലാളികളെക്കൂടി ഇൻകം സപ്പോർട്ട് സ്കീമിലേയ്ക്ക് കൊണ്ടുവരുന്നതിനായി തൊഴിലാളി നേതൃത്വം പ്രത്യേക ശ്രദ്ധ ചെലുത്തുകയാണെങ്കിൽ കൂടുതൽ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അതിന് കക്ഷി രാഷ്ട്രീയമൊന്നും നോക്കേണ്ട കാര്യമില്ല. തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വാങ്ങിക്കൊടു ക്കാൻ കഴിയാതെ പോകുന്നത് എന്തുകൊണ്ടാണെന്ന് ബഹുമാന്യനായ ഡോ. തോമസ് ഐസക്കിന് നന്നായി അറിയാമെന്നുള്ളതുകൊണ്ടാണ് ഇത് ഞാൻ പറയുന്നത്. ചില സൊസൈറ്റികൾ സന്ദർശിക്കുന്ന കാര്യ ത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. നാലഞ്ച് മാസത്തിനുമുമ്പ് ഞാൻ പല സൊസൈറ്റികളിലും പോയിരുന്നു. തിരുവനന്തപുരം ജില്ലയിൽത്തന്നെ ഒന്നുരണ്ട് സൊസൈറ്റികളിൽ ചെന്നപ്പോൾ എനിക്ക് കാണുവാനും മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുള്ള ഒരു കാര്യം അവർ സർക്കാരിന്റെ ഭാഗത്തുനിന്ന് ആനുകൂല്യങ്ങൾ വാങ്ങുന്നുണ്ട് എന്നാൽ തൊഴിലാളികൾക്ക്

പണി കൊടുക്കുന്നില്ല എന്നതാണ്. ഞാനൊരു സൊസൈറ്റിയിൽ ചെന്നപ്പോൾ അത് അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. സർക്കാർ നൽകിയ പണം അവർ ബാങ്കിൽ നിക്ഷേപിച്ചിരിക്കുകയാണ്. തൊണ്ട് തല്ലി ചകിരി യാക്കുന്നതിനുവേണ്ടി കൊടുത്ത ഡി–ഫൈബറിംഗ് മിൽ വളരെ വൃത്തി ഹീനമായ ഒരു സ്ഥലത്തുകിടന്ന് തുരുമ്പെടുത്ത് നശിച്ചിരിക്കുകയാണ്. അവിടെ തൊഴിൽ കൊടുക്കുന്നില്ല. അവിടെയുള്ള ആളുകളോട് അന്വേഷിച്ചപ്പോൾ പറഞ്ഞത് അവർക്കാർക്കും സൊസൈറ്റി തൊഴിൽ നൽകാറില്ലെന്നാണ്. തൊട്ടടുത്തുള്ള മറ്റൊരു സൊസൈറ്റിയിലും ഞാൻ പോയി. അവിടെ ചെന്നപ്പോഴും ഇതേ സ്ഥിതിയാണ് എനിക്ക് കാണാൻ കഴി ഞ്ഞത്. അവിടെ കുറെ തൊഴിലാളികൾ പണിയെടുക്കുന്നുണ്ടായിരുന്നു. ഞാൻ അവരുമായി സംസാരിച്ചപ്പോൾ പറഞ്ഞത് അവർക്ക് അന്ന് ഒരു ദിവസത്തേയ്ക്ക് മാത്രമേ പണിയുള്ളൂ എന്നാണ്. പണമില്ലാത്തതു കൊണ്ടാണോ എന്നറിയുന്നതിനായി സെക്രട്ടറിയെ വിളിച്ചുവരുത്തി ചോദിച്ചപ്പോൾ പറഞ്ഞത് സർക്കാരിൽനിന്നും തന്ന പണം ബാങ്കിൽ കിടക്കു കയാണ്, പ്രസിഡന്റ് അതെടുക്കാൻ അനുവദിക്കുന്നില്ല എന്നാണ്. തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ ആനുകൂല്യങ്ങൾ നൽകുന്നത്. ഇങ്ങനെയുള്ള സൊസൈറ്റികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. അങ്ങ് പറഞ്ഞതുപോലെ തിരുവനന്തപുരം ജില്ലയിലെ ഏതാനും സൊസൈറ്റികളിൽ പോകണമെങ്കിൽ ഞാനും അങ്ങയോടൊപ്പം വരാം, നമുക്ക് ഒന്നിച്ചുപോകാം. ചില കാര്യങ്ങൾ പരസ്പരം ബോദ്ധ്യപ്പെടുന്നത് നന്നായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. തൊണ്ട് സംഭരണ കാര്യത്തിൽ അങ്ങയുടെ ഭരണ

കാലത്തുൾപ്പെടെ പല ഘട്ടങ്ങളിലും അത് മെച്ചപ്പെടുത്തുന്നതിനായി ചില ആലോചനകൾ നടത്തി, പല കാര്യങ്ങളും ചെയ്തു. പക്ഷേ അത് കാര്യക്ഷമതയോടുകൂടി പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. അങ്ങ് പറഞ്ഞതുപോലെ, തൊണ്ടിന്റെ വില വർദ്ധിപ്പിച്ചുകൊണ്ട്, കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് തൊണ്ട് ഇവിടെത്തന്നെ സംഭരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കയർ ഫെഡിന്റെയും മറ്റും ഡി–ഫൈബറിംഗ് മില്ലുകളെക്കുറിച്ച് പറഞ്ഞു. പല മില്ലുകളും പ്രവർത്തനക്ഷമമല്ലാതെ അടച്ചുപൂട്ടിയിരിക്കുകയായിരുന്നു. അവരെ വിളിച്ചുകൂട്ടി അടിയന്തിരമായി ഡി–ഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തു. ആ മില്ലുകളൊക്കെ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. എന്തായാലും ഈ വർഷം കൂടുതൽ ചകിരി ഇവിടെ ഉൽപ്പാദിപ്പിക്കുന്ന തിനുവേണ്ടിയുള്ള നടപടികൾ നിശ്ചയമായും സ്വീകരിച്ചിരിക്കും. അതിനാവശ്യമായ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റ് ചെയ്തുകൊടുക്കും. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ കൊടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളുമുണ്ടാകുന്ന താണെന്ന് ബഹുമാന്യനായ അംഗത്തെ ഞാൻ അറിയിക്കുന്നു.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: സർ, തിരുവനന്തപുരം ജില്ലയിലെ പെരുങ്കുഴിയടക്കം ഏതാനും സഹകരണ സംഘങ്ങൾ ട്രേഡ് യൂണിയൻ നേതാക്കന്മാരുമൊത്ത് അല്ലെങ്കിൽ നിയമസഭാ അംഗങ്ങളുമായിചേർന്ന് സന്ദർശിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിൽനിന്നും കുറച്ച് വ്യത്യസ്തമായ ധാരണയാണ് ഞങ്ങൾക്കുള്ളത്. നമുക്കൊരുമിച്ച് സന്ദർശനം നടത്തി

പരസ്പരധാരണയിലെത്താം. എനിക്ക് പറയാനുള്ള മറ്റൊരു കാര്യം, സംഘങ്ങളുടെ കടവും സ്വകാര്യ സംരംഭകർ എടുത്തിട്ടുള്ള കടവുമടക്കം ഈ മേഖലയിൽ ധാരാളം കടബാദ്ധ്യതകളുണ്ട്. പണി നടക്കാത്തതുകൊണ്ട് ലോണുകളെല്ലാം കുടിശ്ശികയായിരിക്കുകയാണ്. ഒരു ഒറ്റത്തവണ തീർപ്പാക്കലെങ്കിലും ഇവർക്ക് നൽകിയില്ലെങ്കിൽ ദാരുണമായ സ്ഥിതിവിശേഷമുണ്ടാകും. അങ്ങ് ഇക്കാര്യം പരിശോധിച്ച് നടപടി എടുക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, പല സൊസൈറ്റികളിലുമുള്ള കടങ്ങൾ പല തരത്തിലാണ്. കയർ ബോർഡ് നേരിട്ട് ചില പദ്ധതികൾ നടപ്പാക്കിയപ്പോൾ ബാങ്കുകളുമായി ബന്ധിപ്പിച്ചുകൊണ്ട് എടുപ്പിച്ചിട്ടുള്ള കടങ്ങളുമുണ്ട്. ഈ സംഘങ്ങളെ സംബന്ധിച്ചിടത്തോളം പല മേഖലകളിലും പല തരത്തിലുള്ള കടങ്ങളുണ്ട്. ഏത് തരത്തിൽ അത് സോർട്ട് ഔട്ട് ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഈ രംഗത്തുള്ള പരാധീനതകൾ എന്തൊക്കെയാണെന്ന് പൂർണ്ണ ബോദ്ധ്യമുള്ളതുകൊണ്ട് തീർച്ചയായും അത് ഏതുതരത്തിൽ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.